'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം വിതരണം നടത്തിയ വകയിൽ കരാറുകാരന് നല്കുവാനുള്ള തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.967/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/05/2019

---

പരാമർശം:- 1 21/3/2018 ലെ സഉ(സാധാ) നം. 754/2018/തസ്വഭവ ഉത്തരവ്

2 കുലശേഖരം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 23.6.2018 തീയതിയിലെ 10/1-ാം നമ്പർ തീരുമാനം.

3 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 3/7/2018 ലെ കെ2-5279/18നമ്പർ കത്ത്.

4 പഞ്ചായത്ത് ഡയറക്ടറുടെ 16/03/2019 ലെ PAN/24392/2018-J7(DP) നമ്പർ കത്ത്.

**ഉത്തരവ്**

കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും 31.3.2018 വരെ 5.50 ലക്ഷംരൂപ വരെയും 1.4.2018 മുതൽ 31.5.2018 വരെ 11 ലക്ഷം രൂപ വരെയും ചെലവഴിയ്ക്കാമെന്നും എന്നാൽ കുടിവെള്ള വിതരണം നടത്തുന്ന ടാങ്കറുകളിൽ ജി.പി.എസ് സംവിധാനം ഘടിപ്പിക്കണമെന്നും പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ 9/3/2018 മുതൽ കുടിവെള്ളം വിതരണം ആരംഭിയ്ക്കുകയും, സർക്കാർ ഉത്തരവിനു ശേഷവും ജി.പി.എസ് സംവിധാനം ഘടിപ്പിക്കാതെ പ്രസ്തുത ടാങ്കറുകളിൽ തന്നെ കുടിവെള്ള വിതരണം നടത്തുകയും ഉണ്ടായി. ഇപ്രകാരം കുടിവെള്ള വിതരണം നടത്തിയ വകയിൽ കരാറുകാരനു നൽകുവാനുള്ള 1,22,550/- രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും നല്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം 2 ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ , പരാമർശം 3 ലെ കത്ത് പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

സുനാമി കോളനികൾ ഉൾപ്പെടുന്നതും, തീരപ്രദേശ മേഖലകൾ ഉൾപ്പെടുന്നതുമായ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ദൗർലഭ്യം ഏറിയതിനാലാണ് സർക്കാർ ഉത്തരവ് ഇറങ്ങുന്നതിന് മുമ്പ് തന്നെ ജി.പി.എസ് വ്യവസ്ഥ ഇല്ലാതെ കുടിവെള്ള വിതരണം ആരംഭിച്ചതെന്നും, ഉത്തരവ് പ്രകാരം 31.3.2018 വരെയും, 31.5.2018 വരെയും കുടിവെള്ള വിതരണത്തിനായി ആകെ 16.50 ലക്ഷം രൂപ വരെ ഗ്രാമപഞ്ചായത്തുകൾക്ക് ചെലവഴിക്കാമെന്നിരിയ്ക്കെ ടി ഗ്രാമ പഞ്ചായത്ത് 1,22,550/- രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്നും, ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതിന് 12 ദിവസങ്ങൾക്ക് മുമ്പ് തന്നെ ക്വട്ടേഷൻ വ്യവസ്ഥയിൽ കുടിവെള്ള വിതരണം ആരംഭിച്ചിട്ടുള്ളതിനാലും ഗ്രാമ പഞ്ചായത്ത് തീരുമാനം അനുഭാവപൂർവ്വം പരിഗണിയ്ക്കണമെന്ന് ഡയറക്ടർ ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ് നടത്തിയ പ്രവർത്തനമാണെങ്കിലും, സുനാമി കോളനികൾ ഉൾപ്പെടുന്നതും, തീരപ്രദേശ മേഖലകൾ ഉൾപ്പെടുന്നതുമായ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ദൗർലഭ്യം ഏറിയ സാഹചര്യത്തിലാണ് പദ്ധതി നടപ്പാക്കിയത് എന്നത് പരിഗണിച്ച്, കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ 2018 മാർച്ച് മാസത്തിൽ വരൾച്ചയുടെ ഭാഗമായി കുടിവെള്ളം വിതരണം നടത്തിയ വകയിൽ 1,05,450/- രൂപയും വാട്ടർ അതോറിറ്റി വെള്ളത്തിന് ഈടാക്കുന്ന തുകയായ 17,100/- രൂപയും ഉൾപ്പെടെ കരാറുകാരനു നൽകുവാനുള്ള 1,22,550/- രൂപ (ഒരു ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി അഞ്ഞൂറ്റി അൻപത് രൂപ) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

പ്രസിഡന്റ്/സെക്രട്ടറി, കുലശേഖരപുരം ഗ്രാമപഞ്ചായത്ത്, ആദിനാട് വടക്ക് പി.ഒ, കരുനാഗപ്പള്ളി, കൊല്ലം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ